**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 725** **13-01-2021 - ൽ മറുപടിയ്ക്ക്**

**മലബാർ ദേവസ്വം ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ട ക്ഷേത്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ ദാസൻ | | **Shri. Kadakampally Surendran**<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം മലബാർ ദേവസ്വം ബോർഡ് ഏതെങ്കിലും ക്ഷേത്രങ്ങൾ ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നറിയിക്കാമോ; | (എ) | ഉണ്ട്. 1. ശ്രീ. പാർത്ഥ സാരഥി ക്ഷേത്രം, ഗുരുവായൂർ. 2. ശ്രീ. ചാത്തൻ കണ്ടാർ കാവ്, ഒറ്റപ്പാലം, പാലക്കാട്. 3. കൊണ്ടംവള്ളി ശ്രീ. അയ്യപ്പക്ഷേത്രം, കൊയിലാണ്ടി, കോഴിക്കോട്. 4. ശ്രീ. ചന്ദ്രനല്ലൂർ ഭഗവതി ക്ഷേത്രം, തളിപ്പറമ്പ്, കണ്ണൂർ. 5. ശ്രീ. പൊയിലൂർ മുത്തപ്പൻ മടപ്പുര, കണ്ണൂർ (ജില്ലാ ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതുണ്ട്) 6. തുക്കൈകുന്ന് മഹാദേവ ക്ഷേത്രം, തലശ്ശേരി, കണ്ണൂർ. (ജില്ലാ ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതുണ്ട്) |
| (ബി) | സർക്കാർ ഏറ്റെടുക്കുന്നതിനു തൊട്ടു മുമ്പുണ്ടായിരുന്ന പ്രസ്തുത ക്ഷേത്രങ്ങളുടെ വാർഷികവരുമാനവും ഏറ്റെടുത്തതിന് ശേഷമുണ്ടായ വാർഷികവരുമാനവും പട്ടികയാക്കി നൽകാമോ; | (ബി) | മലബാർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങൾ ഏറ്റെടുക്കുന്ന സമയത്ത് അതാത് ക്ഷേത്രഭരണം കയ്യാളിവരുന്ന കമ്മിറ്റികൾ ക്ഷേത്രക്കണക്കുകളോ മറ്റ് രേഖകളോ ബോർഡിന് കൈമാറിയിട്ടില്ല. ആയതിനാൽ ഇത്തരം ക്ഷേത്രങ്ങളുടെ, ബോർഡ് ഏറ്റെടുക്കുന്നതിന് മുൻപുള്ള കണക്കുകൾ ലഭ്യമായിട്ടില്ല. മേൽ പറഞ്ഞ ക്ഷേത്രങ്ങളിൽ ശ്രീ പാർത്ഥസാരഥി ക്ഷേത്രം മാത്രമാണ് പൂർണ്ണമായും ബോർഡിന്റെ നിയന്ത്രണത്തിൽ വന്നിട്ടുള്ളത്. ടി ക്ഷേത്രം ബോർഡ് ഏറ്റെടുത്തതിന് ശേഷം 2018 വർഷത്തെ ആകെ വരുമാനം 1,04,60,989/- രൂപയാണ്. മറ്റ് ക്ഷേത്രങ്ങൾ പൂർണ്ണമായും ബോർഡിന്റെ നിയന്ത്രണത്തിൽ വന്നുചേർന്നിട്ടില്ലാത്തതിനാൽ ക്ഷേത്രക്കണക്കുകൾ സമാഹരിക്കാനാകാത്ത സാഹചര്യമാണുള്ളത്. |
| (സി) | ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് എത്ര ക്ഷേത്രങ്ങൾ ദേവസ്വത്തെ സമീപിച്ചിട്ടുണ്ട്; എണ്ണം വ്യക്തമാക്കാമോ; | (സി) | 18 ക്ഷേത്രങ്ങൾ. 1. ശ്രീ. ധർമ്മൻ കോവിൽ, പാലക്കാട്. 2. ശ്രീ. കവൂർ വിഷ്ണു ക്ഷേത്രം, കോഴിക്കോട്. 3. കാവിലുംപാറ ഭഗവതി ക്ഷേത്രം, വടകര. 4. ശ്രീ. കുറത്തിയമ്മ ദേവീക്ഷേത്രം, നിലമ്പൂർ, മലപ്പുറം. 5. ശ്രീ. പേടിയാട്ട് ഭഗവതി ക്ഷേത്രം, കോഴിക്കോട്. 6. രാമപുരം ശ്രീരാമ സ്വാമി ക്ഷേത്രം, കടലുണ്ടി, കോഴിക്കോട്. 7. ശ്രീ. തിരുമംഗലത്ത് |

| | | | |
|---|---|---|---|
| | | | നരസിംഹമൂർത്തി ക്ഷേത്രം, മലപ്പുറം. 8. ശ്രീ. മുണ്ടൂർ കണ്ടം പിഷാരം അമ്പലക്കുളം ശിവക്ഷേത്രം, പാലക്കാട്. 9. ആലക്കാട് എളമ്പിലാത്തട്ട മഹാവിഷ്ണു ക്ഷേത്രം, കണ്ണൂർ. 10. ശ്രീ. പരശുരാമ ക്ഷേത്രം, ചിറ്റാരിപ്പറമ്പ്, കണ്ണൂർ. 11. ശ്രീ. തിരുവാഞ്ചേരി മഹാദേവി ക്ഷേത്രം, കോട്ടയം, മലബാർ. 12. തിരുവങ്ങൂർ ശ്രീ. നരസിംഹ പാർത്ഥ സാരഥി ക്ഷേത്രം, കൊയിലാണ്ടി. 13. പഴങ്കാവ് പല്ലശ്ശന ഭഗവതി ക്ഷേത്രം, പാലക്കാട്. 14. ഈശ്വരമംഗലം ഭഗവതി ക്ഷേത്രം, ഒറ്റപ്പാലം. 15. ഊരകം അമ്മാഞ്ചേരി ഭഗവതി ക്ഷേത്രം, മലപ്പുറം. 16. എങ്ങണ്ടിയൂർ തിരുമംഗലം ശിവക്ഷേത്രം, ചാവക്കാട്. 17. കുണ്ടൂർ ഭഗവതി ക്ഷേത്രം, മലപ്പുറം. 18. മണമൽകാവ്, കൊയിലാണ്ടി. |
| (ഡി) | പുതിയ ക്ഷേത്രങ്ങളെ ദേവസ്വം ബോർഡ് ഏറ്റെടുക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | ക്ഷേത്രതാൽപര്യം മുൻനിർത്തി ക്ഷേത്രഭരണ സമിതിയോ ഭക്തജനങ്ങളോ ട്രസ്റ്റിമാരോ ദേവസ്വം ബോർഡിനെ സമീപിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ക്ഷേത്രം ഏറ്റെടുക്കുന്നത്. ഓരോ ക്ഷേത്രങ്ങളിലും നിലനിൽക്കുന്ന സാഹചര്യങ്ങളുടെ അടിസ്ഥാനത്തിലാണ് ഹിന്ദുമത ധർമ്മ സ്ഥാപന നിയമത്തിലെ സെക്ഷൻ 57 (എ) വകുപ്പ് പ്രകാരം നടപടികൾ പൂർത്തിയാക്കി ക്ഷേത്രം ഏറ്റെടുത്ത് ഉത്തരവാകുന്നത്. ബോർഡിന്റെ മുമ്പാകെ വരുന്ന ഹർജികളിന്മേൽ പൊതുജനങ്ങളിൽ നിന്നും ആക്ഷേപാഭിപ്രായങ്ങൾ ആരാഞ്ഞതിനു ശേഷം ആവശ്യമെങ്കിൽ ഹർജിക്കാരെയും മറ്റ് ബന്ധപ്പെട്ടവരെയും നേരിൽ വിചാരണ നടത്തിയതിനു ശേഷമാണ് മേൽ നിയമ പ്രകാരം ക്ഷേത്രം ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നത്. ഇപ്രകാരം ക്ഷേത്രം ഏറ്റെടുക്കുമ്പോൾ ക്ഷേത്രത്തിന്റെ പൈതൃകവും പൊതുവായിട്ടുള്ളതുമായ സവിശേഷതകൾ, സാമ്പത്തിക സ്ഥിതി, ക്ഷേത്രം മതപരമായ സ്ഥാപനമാക്കി ദേവസ്വം ബോർഡ് ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത, ദേവസ്വം ബോർഡ് ഏറ്റെടുക്കുക മുഖേന കൂടുതൽ ഭക്തജനങ്ങൾക്ക് ആരാധനാ സ്വാതന്ത്ര്യം ലഭിക്കുവാനും അതുവഴി ക്ഷേത്രത്തിന്റെയും നാടിന്റെയും ഉന്നമനത്തിനും ഐശ്വര്യത്തിനും ക്ഷേമത്തിനും വഴിതെളിയുവാനുള്ള സാധ്യത മുതലായ കാര്യങ്ങൾ വിശദമായി പരിശോധിച്ചതിന് ശേഷമാണ് തീരുമാനം കൈക്കൊള്ളുന്നത്. |

സെക്ഷൻ ഓഫീസർ